# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2097 08.12.2014-ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ കുബേര

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന അനധികൃത പണമിടപാട്ടുകാരും കൊള്ളപ്പലിശക്കാരും വ്യാപകമാകുന്നത് ഫലപ്രദമായി നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകുമോ; | (എ) ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന അനധികൃത പണമിടപാട്ടുകാരും കൊള്ളപ്പലിശക്കാരും വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരക്കാരെ ഓപ്പറേഷൻ കുബേര പോലുള്ള നടപടികളിലൂടെ അടിച്ചമർത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) ഓപ്പറേഷൻ കുബേര പ്രവർത്തനമാരംഭിച്ചപ്പോഴുള്ള സാഹചര്യങ്ങൾ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് എന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) ഓപ്പറേഷൻ കുബേര പ്രവർത്തനമാരംഭിച്ചപ്പോഴുള്ള സാഹചര്യങ്ങളല്ല ഇപ്പോൾ നിലവിലുള്ളത്. ഓപ്പറേഷൻ കുബേരയെ തുടർന്ന് അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെയും ബ്ലേഡ് മാഫിയക്കെതിരെയും അവരുടെ കേന്ദ്രങ്ങളിൽ തുടരെത്തുടരെ റെയ്ഡുകൾ നടത്തുകയും പണവും രേഖകളും മറ്റും പിടിച്ചെടുക്കുകയും കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായി മനസ്സിലാക്കുന്നു. |
| (സി) കഴുത്തറുപ്പൻ പലിശക്കാരിൽ ചിലർക്കെതിരെ ഓപ്പറേഷൻ കുബേര പ്രകാരം എടുത്തുവന്ന നടപടികളിൽ പഴുതുകൾ ഏറെ ഉണ്ടായിരുന്നതിനാൽ പ്രതി ചേർക്കപ്പെട്ടവർ നിയമനടപടികളിൽ നിന്നും രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഓപ്പറേഷൻ കുബേര പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളിൽ പഴുതുകൾ മൂലം കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ പോലീസ് വളരെ ജാഗ്രതയോടെ പ്രവർത്തിക്കുകയും, ഇത്തരം കുറ്റകൃത്യങ്ങൾ അടിച്ചമർത്തുന്നതിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചും വരുന്നു. |
| (ഡി) ഭരണ നേതൃത്വത്തിലുള്ളവരുമായി അടുത്ത ബന്ധം പുലർത്തുന്ന കൊള്ളപ്പലിശക്കാരിലേക്ക് അന്വേഷണം എത്തുമെന്ന ഘട്ടത്തിൽ ഓപ്പറേഷൻ കുബേര അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പഴുതുകൾ ഇല്ലാതെയും മുഖം നോക്കാതെ നിയമാനുസൃതമായും കേസുകൾ എടുക്കുന്നതിന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ഡി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഴുതുകൾ ഇല്ലാതെയും മുഖം നോക്കാതെയും നിയമാനുസൃതമായുമാണ് കേസുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ വീഴ്ചകൾ വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ